# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1215 07.06.2018 ൽ മറുപടിക്ക്

## നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുണനിലവാര പരിശോധനാ സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര | ശ്രീ.ജി.സുധാകരൻ<br>(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഗുണനിലവാര പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തികളിൽ ഗുണനിലവാര പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രവൃത്തികളുടെ ഗുണനിലവാരം ഏതൊക്കെ വിധത്തിലാണ് ഉറപ്പാക്കുന്നത്;<br><br>(സി) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്, ഒരു നിശ്ചിത തുകയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ പുറത്ത് നിന്നുള്ള അംഗീകൃത ഏജൻസിയെകൊണ്ട് കൂടി പരിശോധിപ്പിക്കാനുള്ള നടപടി സ്വീകരിക്കാറുണ്ടോ; | (ബി) & (സി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കുന്നുണ്ട്. ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടത്തിൽ സൈറ്റിൽ തന്നെ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. കൂടാതെ ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ പ്രവർത്തികൾ സുതാര്യമാക്കുന്നതിന്റേയും ഗുണനിലവാരം ഉറപ്പാക്കുന്നതിന്റേയും ഭാഗമായി സർക്കാർ ഉത്തരവ് G.O(MS)No.1/2018/PWD തീയതി 5/1/2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി Three-tier Quality Control System നിലവിലുണ്ട്. ഇതിൻ പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് |

അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ടി വകുപ്പിന്റെ അധീനതയിൽ ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധീനതയിൽ ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസും പ്രവർത്തിച്ചു വരുന്നുണ്ട്. ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനിൽ പ്രവർത്തിച്ചു വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുമ്പോൾ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയും ചെയ്തു പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുക, സാമ്പിളുകൾ ശേഖരിക്കുക ആയവ ക്വാളിറ്റി കൺട്രോൾ ലാബിൽ എത്തിച്ച് പരിശോധനക്ക് വിധേയമാക്കാറാണ് ഉള്ളത്. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രോക്യുയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പ്രത്യേകം കൺസൽട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. ചില അവസരങ്ങളിൽ സാമ്പിളുകൾ എഞ്ചിനീയറിംഗ് കോളേജ് ലാബുകളിൽ പരിശോധിപ്പിക്കാറുണ്ട്.

(ഡി) പ്രവൃത്തി ഇടയ്ക്ക് വച്ച് ഉപേക്ഷിച്ച് പോകുമ്പോഴും, നിശ്ചിത സമയത്ത് പൂർത്തീകരിക്കാത്ത സാഹചര്യത്തിലും കരാറുകാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്;

(ഡി) പ്രവൃത്തി ഇടയ്ക്കുവച്ച് ഉപേക്ഷിച്ച് പോകുന്ന സാഹചര്യത്തിൽ പ്രസ്തുത കരാറുകാരന്റെ നഷ്ടോത്തരവാദത്തിന്റെ അടിസ്ഥാനത്തിൽ കരാറിൽ നിന്ന് ഒഴിവാക്കി കുറ്റക്കാരനായ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും, അങ്ങിനെ ടി പ്രവൃത്തി പുനർക്രമീകരിക്കുകയും, അങ്ങനെ ടി പ്രവൃത്തിയിലുണ്ടാകുന്ന നഷ്ടം മുൻ

| | |
|---|---|
| | കരാറുകാരനിൽ നിന്നും ഈടാക്കുകയും ചെയ്യുന്നു. നിശ്ചിത സമയത്ത് പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കി പ്രവൃത്തി പൂർത്തിയാക്കുവാൻ അനുവദിക്കുകയും അനിയന്ത്രിതമായി താമസമുണ്ടാകുന്ന സാഹചര്യത്തിൽ കരാറുകാരനെ കരാറിൽ നിന്നും ഒഴിവാക്കി പ്രവൃത്തി പുനർക്രമീകരിക്കുകയും ചെയ്യുന്നു. |
| (ഇ) പിഴ ഈടാക്കുന്നതിന് പുറമേ ലിക്വിഡേറ്റഡ് ഡാമേജ് കൂടി കരാറുകാരിൽ നിന്ന് ഈടാക്കുന്നതിനുള്ള വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടോ എന്നറിയിക്കാമോ ? | (ഇ) പ്രവൃത്തി ഇടയ്ക്കു വച്ച് ഉപേക്ഷിച്ച് പോകുന്ന കരാറുകാരിൽ നിന്നും പ്രസ്തുത പ്രവൃത്തി പുനർക്രമീകരിക്കുന്നതുമൂലമുണ്ടാകുന്ന നഷ്ടം ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കുന്നതിനുള്ള വ്യവസ്ഥ Bid of document-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാഹചര്യം ഉണ്ടായിട്ടുല്ല. എന്നാൽ മേൽപറഞ്ഞ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടില്ല. ഉണ്ടാകുന്ന പക്ഷം ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**